**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **04-02-2026 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ ഫലപ്രദമായ പ്രവർത്തനത്തിനും വികസനത്തിനും സഹായകരമായി നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. സർവകലാശാലയ്ക്കായി 26 കോടി രൂപ വിനിയോഗിച്ച് കൊല്ലം പട്ടണത്തിന്റെ ഹൃദയഭാഗത്ത് 8.066 ഏക്കർ വസ്തു വാങ്ങിയിട്ടുണ്ട്. അതിൽ കാമ്പസ് നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിനായി 30 കോടി രൂപ 2025-26-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ കെട്ടിടനിർമ്മാണം ആരംഭിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സർവകലാശാലയ്ക്ക് ആസ്ഥാനമന്ദിരം, അക്കാദമിക് ബ്ലോക്ക്, നാല് പ്രാദേശിക കേന്ദ്രങ്ങൾ, 43 പഠനസഹായ കേന്ദ്രങ്ങൾ എന്നിവയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറൈസേഷൻ അടക്കമുള്ള പശ്ചാത്തല സൗകര്യം തയ്യാറാക്കിയിട്ടുള്ളത് നിലവിലുള്ള സർക്കാർ നൽകിയ ഗ്രാന്റ് ഉപയോഗിച്ചിട്ടാണ്. നിലവിൽ 76,000 പഠിതാക്കൾ 29 പ്രോഗ്രാമുകളിലായി പ്രവേശനം നേടി പഠനം തുടരുന്നു. |
| (ബി) | പ്രസ്തുത സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (ബി) | ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് വാങ്ങിയിട്ടുള്ള സ്ഥലത്ത് നിർമ്മിക്കേണ്ട ക്യാമ്പസിന്റെ മാസ്റ്റർ പ്ലാൻ PWD ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ